(ഇ) സ്വകാര്യവനങ്ങളുടെ വിസ്തൃതി കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഡബ്ല്യൂ. എ. 202/95-ലെ സുപ്രീകോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച സ്റ്റേറ്റ് എക്സ്പേർട്ട് കമ്മിറ്റി സ്വകാര്യ ഉടമസ്ഥതയിലുള്ള വനങ്ങളുടെ കണക്ക് 55.72 സ്കയർ കിലോമീറ്ററാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(എഫ്) തോട്ടഉടമകൾക്ക് പാട്ടവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 80 പാട്ടങ്ങളിലായി വനഭൂമി നൽകിയിട്ടുണ്ട്. കരാറുകളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ജി) നടപടി സ്വീകരിക്കുന്നുണ്ട്.

മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം നീക്കാൻ നടപടി

104 (1159) ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോയൽ ട്രീസ് വിഭാഗത്തിൽ ഏതെല്ലാം വൃക്ഷങ്ങൾ ഉൾക്കൊള്ളുന്നുണ്ട് ;

(ബി) ഏതെല്ലാം മരങ്ങൾ മുറിച്ചുമാറ്റുന്നതിനാണ് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം ലഭിക്കേണ്ടത് ;

(സി) ഏതെല്ലാം ഇനം മരങ്ങൾ മുറിച്ചാലാണ് വനം വകുപ്പിനെ ഏൽപ്പിക്കേണ്ടത് ;

(ഡി) പ്രസ്തുത ഗണങ്ങളിൽപ്പെടുന്ന മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ പിൻവലിക്കാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) റോയൽ ട്രീസ് വിഭാഗത്തിൽ ഇപ്പോൾ വൃക്ഷങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 1986-ലെ വൃക്ഷസംരക്ഷണ നിയമ പ്രകാരം ചന്ദനം, തേക്ക്, ഈട്ടി, തേമ്പാവ്, ഇരുള, കമ്പക്ക, ചെമ്പകം, ചടച്ചി, ചന്ദനവേപ്പ്, ചീനി എന്നീ 10 ഇനം മരങ്ങൾ മുറിച്ചുമാറ്റുന്നതിനാണ് വനം വകുപ്പിൽ നിന്നും മുൻകൂട്ടി അനുവാദം ലഭ്യമാക്കേണ്ടത്.

(സി) സ്വകാര്യ സ്ഥലത്തുനിൽക്കുന്ന ചന്ദനമരങ്ങൾ ഉണങ്ങിയതോ, കാറ്റത്ത് വീണവയോ, മുറിക്കാൻ മുൻകൂട്ടി അനുവാദം വാങ്ങിയവയോ വിൽപ്പനയ്ക്കായി ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കേണ്ടതാണ്. കൂടാതെ സർക്കാരിലേക്ക് റിസർവ് ചെയ്ത മരങ്ങൾ മുറിച്ചാലും വനംവകുപ്പിനേയോ ബന്ധപ്പെട്ട മറ്റു വകുപ്പിനേയോ ഏൽപ്പിക്കേണ്ടതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണം പിൻവലിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

വനപ്രദേശങ്ങളിലെ കഞ്ചാവ് കൃഷി

105 (1160) ശ്രീ. പി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ വൻതോതിൽ കഞ്ചാവ് കൃഷി നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ, സംസ്ഥാനത്ത് എവിടെയെല്ലാമാണ് കഞ്ചാവ് കൃഷി നടത്തുന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിന് വനം വകുപ്പിൽ പ്രത്യേകം സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) അധോലോക സംഘങ്ങളുടെ സഹായത്തോടെ വനപ്രദേശങ്ങളിൽ വൻതോതിൽ കഞ്ചാവ് കൃഷി ചെയ്ത് കടത്തികൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ പ്രസ്തുത അധോലോക സംഘങ്ങളുടെ പ്രവർത്തനം തടയുന്നതിനും കഞ്ചാവ് കൃഷി നശിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വനപ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ കഞ്ചാവ് കൃഷി നടക്കുന്നതിനായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൊല്ലം സർക്കിളിൽ ഗുഡ്രിക്കൽ റെയിഞ്ചിലും ഹൈറേഞ്ച് സർക്കിളിന്റെ കീഴിൽ മൂന്നാർ, ദേവികുളം, മറയൂർ, ആനക്കുളം, മാങ്കുളം റെയിഞ്ചുകളിൽ അങ്ങിങ്ങായും ; നോർത്തേൺ സർക്കിളിൽ, കോഴിക്കോട് ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലും ; ഒലവക്കോട് സർക്കിളിലെ, മണ്ണാർക്കാട് ഡിവിഷനിൽ, അട്ടപ്പാടി, അഗളി റെയിഞ്ചുകളിലും, നിലമ്പൂർ നോർത്ത് ഡിവിഷനിലെ വഴിക്കടവ് എടവണ്ണ റെയ്ഞ്ചുകളിലും, നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയിഞ്ചിലും, പാലക്കാട് ഡിവിഷനിലെ

LIBRARY ARCHIVES Kerala Legislative Assembly